ഭാരത്ജ്യോതി അവാർഡ് സ്പീക്കർ പി. ശ്രീരാമകൃഷ്ണന്

തിരുവനന്തപുരം: ഭാരത്ജ്യോതി അവാർഡിന് നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അർഹനായി. ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന ഇന്ത്യ ഇന്റർനാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റി ഏർപ്പെടുത്തിയതാണ് ഭാരത്ജ്യോതി അവാർഡ്. 26ന് ന്യൂഡൽഹി ഇന്ത്യ ഇന്റർനാഷണൽ സെന്ററിൽ നടക്കുന്ന ചടങ്ങിൽ അവാർഡ് സമ്മാനിക്കും. ചടങ്ങിൽ ശിവരാജ് പാട്ടീൽ മുഖ്യാതിഥി ആയിരിക്കും.

ശിവഗിരിമഠത്തിൽ കുട്ടികൾക്കായി അവധിക്കാല ക്യാമ്പ്

ശിവഗിരി: ശിവഗിരിമഠത്തിൽ സന്യാസിമാരുടെ നേതൃത്വത്തിൽ ഏപ്രിൽ 1 മുതൽ 8 വരെ കുട്ടികൾക്കായി അവധിക്കാല ക്യാമ്പ് നടത്തുന്നു. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. രണ്ടാഴ്ച നീണ്ടു നിൽക്കുന്ന ബ്രഹ്മവിദ്യാ കോഴ്സും മൗനവ്രതക്യാമ്പും ഏപ്രിൽ 15 മുതൽ 27 വരെയും മേയ് 13 മുതൽ 20 വരെയും ശിവഗിരി മഠത്തിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് ശിവഗിരി മഠവുമായി ബന്ധപ്പെടണം. ഫോൺ: 04702602807, 9400475545, 9809602060

മൈസൂർ-തലശേരി ലൈൻ: കർണാടക തിരഞ്ഞെടുപ്പ് കഴിയട്ടെയെന്ന്

ന്യൂഡൽഹി: തലശ്ശേരി-മൈസൂർ ലൈൻ നടപ്പാക്കാൻ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ തയ്യാറാണെന്നും കർണാടക തിരഞ്ഞെടുപ്പ് കഴിയും വരെ കാത്തിരിക്കാനും റെയിൽവേ മന്ത്രി പിയൂഷ് ഗോയൽ ആക്ഷൻ കൗൺസിൽ ഭാരവാഹികളെ അറിയിച്ചു. പദ്ധതി നടപ്പാകാൻ കേരളവും കർണാടകവും സംയുക്തമായി ശ്രമിക്കണമെന്നും മന്ത്രി പറഞ്ഞു. ആക്ഷൻ കൗൺസിൽ ചെയർപേഴ്സൺ ആനി രാജ, ജനറൽ കൺവീനർ കലവൂർ ജോൺസൺ, കൺവീനർ എൻ. വി. രവീന്ദ്രൻ, ഡൽഹി മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി സി. ചന്ദ്രൻ എന്നിവരാണ് മന്ത്രിയെ കണ്ടത്.

സംസ്ഥാന കലാ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ 2017 ലെ കലാ പുരസ്കാരങ്ങളായ കഥകളി പുരസ്കാരം, പല്ലാവൂർ അപ്പുമാരാർ പുരസ്കാരം, കേരളീയ നൃത്ത-നാട്യ പുരസ്കാരം എന്നിവ മന്ത്രി എ.കെ. ബാലൻ പ്രഖ്യാപിച്ചു. കലാമണ്ഡലം കെ.എസ്. വാസുദേവനാണ് കഥകളി പുരസ്കാരം. വാദ്യകലാരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരമായ പല്ലാവൂർ അപ്പുമാരാർ പുരസ്കാരത്തിന് അന്നമനട പരമേശ്വരമാരാർ അർഹനായി. തിമില വാദനത്തിലെ പ്രശസ്ത കലാകാരനാണ് അദ്ദേഹം. നൃത്തരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരമായ കേരളീയ നൃത്ത-നാട്യ പുരസ്കാരത്തിന് അർഹമായത് നിർമ്മല പണിക്കരാണ്. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവും പൊന്നാടയും അടങ്ങുന്നതാണ് പുരസ്കാരങ്ങൾ.

പ്രതിഷേധിച്ചു

തൃശ്ശൂർ: സംസ്ഥാന ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പി.ജി കോഴ്സ് പ്രവേശനത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച പിന്നാക്ക വിഭാഗങ്ങൾക്കുള്ള 27 ശതമാനം സംവരണം 9 ശതമാനമായി വെട്ടിക്കുറച്ച കേരള സർക്കാരിന്റെ നടപടിയിൽ എസ്. ആർ. പി സംസ്ഥാന കമ്മിറ്റി പ്രതിഷേധം രേഖപ്പെടുത്തി. മെഡിക്കൽ പി.ജി. അഡ്മിഷനിൽ 31 ശതമാനം സീറ്റുകൾ സർവീസ് ക്വാട്ടയിൽ പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം നടപ്പാക്കണമെന്ന് പാർട്ടി വർക്കിംഗ് ചെയർമാൻ എം.എൻ. ഗുണവർദ്ധനന്റെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

ഹജ്ജിന് അഞ്ച് വർഷം അപേക്ഷിച്ചിട്ടും അവസരം കിട്ടാത്തവർക്ക് മുൻഗണന

സ്വന്തം ലേഖകൻ

ന്യൂഡൽഹി: അഞ്ച് വർഷം തുടർച്ചയായി അപേക്ഷിച്ചിട്ടും അവസരം ലഭിക്കാത്തവർക്ക് ഹജ്ജിന് മുൻഗണന നൽകണമെന്ന് സുപ്രീംകോടതി ഉത്തരവിട്ടു. അഞ്ച് തവണയും അതിൽ കൂടുതലും അപേക്ഷ നൽകിയിട്ടും അവസരം ലഭിക്കാത്ത 65 നും 69 വയസിനും ഇടയിലുള്ളവർക്കാണ് മുൻഗണന ലഭിക്കുകയെന്ന് ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

അഞ്ച് വർഷം തുടർച്ചയായി ഹജ്ജിന് അപേക്ഷിച്ച് അവസരം ലഭിക്കാത്ത ഈ പ്രായത്തിനിടയിലുള്ള 1965 പേരുണ്ടെന്ന് കേന്ദ്രം കോടതിയെ അറിയിച്ചു. 70 വയസിന് മുകളിലുള്ളവർക്ക് നിലവിലെ ഹജ്ജ് നിയമത്തിൽ മുൻഗണന നൽകുന്നുണ്ട്. കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ കൈയിലുള്ള അധിക ക്വോട്ടയിൽ നിന്നാണ് ഇവർക്ക് മുൻഗണന നൽകുക. 3677 സീറ്റുകളാണ് അധിക ക്വോട്ടയായി നിലവിലുള്ളത്.

കേരളത്തിലെ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കരിപ്പൂർ ആക്കണമെന്ന് ആവശ്യപ്പെട്ട് കേരള മുസ്ലിം ജമാ അത്ത് നൽകിയ ആവശ്യം കോടതി തള്ളി. എംബാർക്കേഷൻ പോയിന്റ് കരിപ്പൂർ ആയാലും നെടുമ്പാശേരി ആണെങ്കിലും വ്യത്യാസമില്ലെന്ന് കോടതി നിരീക്ഷിച്ചു. കേസ് ജൂലായ് 10ന് പരിഗണിക്കും.

രത്നസിംഗ് അനുസ്മരണം

കേരള ലീഗൽ മാർക്കിന്റെ ആഭിമുഖ്യത്തിൽ നടന്ന എം. രത്നസിംഗ് അനുസ്മരണ സമ്മേളനത്തിൽ അഡ്വ. ടി.കെ. ശ്രീനാരായണ ദാസ് സംസാരിക്കുന്നു

തിരുവനന്തപുരം: കേരള ലീഗൽ മാർക്കിന്റെ ആഭിമുഖ്യത്തിൽ എം. രത്നസിംഗ് അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു. തിരുവനന്തപുരം ബാർ അസോസിയേഷൻ സെക്രട്ടറി അഡ്വ. പാച്ചല്ലൂർ ആർ. ജയകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. ടി.കെ. ശ്രീനാരായണ ദാസ്, അഡ്വ. ജി. ഗോപാലകൃഷ്ണൻ, അഡ്വ. അശ്വതി ജി. കൃഷ്ണൻ, അഡ്വ. വിഷ്ണു നായർ, അഡ്വ. ബാബു നാഥുറാം എന്നിവർ സംസാരിച്ചു.

SRMU-AIRF
PARLIAMENT MARCH 201

ഡൽഹിയിൽ റെയിൽവേ ജീവനക്കാർ നടത്തിയ പാർലമെന്ററി മാർച്ചിൽ കേരളത്തിൽ നിന്നുള്ള പ്രതിനിധികൾ

റെയിൽവേ ജീവനക്കാർ പാർലമെന്റ് മാർച്ച് നടത്തി

തിരുവനന്തപുരം: ആൾ ഇന്ത്യാ റെയിൽവേമെൻസ് ഫെഡറേഷന്റെ നേതൃത്വത്തിൽ രണ്ട് ലക്ഷത്തോളം ജീവനക്കാർ ഇന്നലെ പാർലമെന്റിലേക്ക് മാർച്ച് നടത്തി. കേരളത്തിൽ നിന്ന് സതേൺ റെയിൽവേ മസ്ദൂർ യൂണിയന്റെ ഡിവിഷണൽ സെക്രട്ടറി എസ്. ഗോപികൃഷ്ണന്റെയും ട്രഷറർ വി. അനിൽകുമാറിന്റെയും നേതൃത്വത്തിൽ ആയിരത്തോളം ജീവനക്കാർ പങ്കെടുത്തു. പുതിയ പെൻഷൻ പദ്ധതി റദ്ദാക്കി എല്ലാ ജീവനക്കാർക്കും ഗാരന്റീഡ് പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് മാർച്ച് നടത്തിയത്.

സീറോ മലബാർ സഭയുടെ ഭൂമിക്കച്ചവടം: തുടർ നടപടികൾ പൊലീസ് നിറുത്തി

■ കർദ്ദിനാളിന്റെ അപ്പീലിൽ ഡിവിഷൻ ബെഞ്ചിന്റെ വിധിക്കായി കാക്കും

സ്വന്തം ലേഖകൻ

കൊച്ചി: സീറോമലബാർ സഭ എറണാകുളം - അങ്കമാലി അതിരൂപതയുടെ ഭൂമിയിടപാടുമായി ബന്ധപ്പെട്ട കേസിൽ തുടർ നടപടികൾ പൊലീസ് തത്കാലത്തേക്ക് നിറുത്തി വച്ചു. കേസെടുക്കാനുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ കർദ്ദിനാൾ ജോർജ് ആലഞ്ചേരി ഡിവിഷൻ ബെഞ്ചിൽ നൽകിയ അപ്പീലിൽ വിധി വന്ന ശേഷം മതി തുടർനടപടികളെന്നാണ് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം. ഡിവിഷൻ ബെഞ്ച് വെള്ളിയാഴ്ച കേസ് പരിഗണിക്കും.

കർദ്ദിനാളിനെ ഒന്നാം പ്രതിയാക്കി തിങ്കളാഴ്ചയാണ് സെൻട്രൽ പൊലീസ് കേസെടുത്ത്. കസാറ്റിലെ സെന്റ് ജോൺസ് പള്ളി വികാരി ഫാ. ജോഷി പുതുവ, ആർച്ച് ബിഷപ്പ് ഹൗസിലെ വികാരി ജനറൽ ഫാ. സെബാസ്റ്റ്യൻ വടക്കുമ്പാടൻ, റിയൽ എസ്റ്റേറ്റ് ഇടപാടുകാരൻ സാജു വർഗീസ് എന്നിവരാണ് മറ്റു പ്രതികൾ. പരാതിക്കാരനായ ചേർത്തല സ്വദേശി ഷൈൻ വർഗീസിന്റെ മൊഴി സെൻട്രൽ സി.ഐ അനന്തലാൽ ഇന്നലെ രേഖപ്പെടുത്തി. കേസ് റദ്ദാക്കിയില്ലെങ്കിൽ കർദ്ദിനാൾ ഉൾപ്പെടെയുള്ളവർക്ക് നോട്ടീസ് നൽകി ചോദ്യം ചെയ്യും.

എസ്.എസ്.എൽ.സി: ഹിന്ദി പരീക്ഷയും എളുപ്പം

തിരുവനന്തപുരം: എസ്.എസ്.എൽ.സി ഹിന്ദി പരീക്ഷയും വിദ്യാർത്ഥികളെ വലച്ചില്ല. എല്ലാ വിഭാഗം ചോദ്യങ്ങളിലും അധിക ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരുന്നതിനാൽ എളുപ്പത്തിൽ ഉത്തരമെഴുതാൻ കഴിഞ്ഞു. അദ്ധ്യാപകരുടെ അഭിപ്രായവും മറിച്ചല്ല. സിലബസുമായി ബന്ധപ്പെടുത്തിയും പൊതുവിഭാഗത്തിൽ എളുപ്പം ആശയം ഗ്രഹിച്ച് ഉത്തരമെഴുതാൻ സാധിക്കുന്നതുമായിരുന്നു ചോദ്യങ്ങളെന്ന് അദ്ധ്യാപകർ പറഞ്ഞു.

കഴിഞ്ഞയാഴ്ച നടന്ന മലയാളം ഫസ്റ്റ്, സെക്കൻഡ് പരീക്ഷകളും വിദ്യാർത്ഥികൾക്ക് എളുപ്പമായിരുന്നു. ഇതോടെ ഭാഷാ പരീക്ഷകളിൽ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം ഉയർത്തിയിട്ടുണ്ട്. ഇന്ന് പരീക്ഷയില്ല.

നാളെ ഉച്ചയ്ക്ക് ഫിസിക്സ് പരീക്ഷ നടക്കും. മൂന്ന് പരീക്ഷകൾ എളുപ്പമായതിന്റെ ത്രില്ലിലാണ് വിദ്യാർത്ഥികൾ.

ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ്

തിരുവനന്തപുരം: കേരള ഹിന്ദി പ്രചാരസഭയുടെ 2018-19 വർഷത്തിലേക്കുള്ള ആചാര്യ ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസും സാഹിത്യാചാര്യയോ ഹിന്ദി പ്രവീണോ ആണ് യോഗ്യത. അവസാന തീയതി: ഏപ്രിൽ 25. വിലാസം: സെക്രട്ടറി, കേരള ഹിന്ദി പ്രചാരസഭ, തിരുവനന്തപുരം-14. കൂടുതൽ വിവരങ്ങൾക്ക്: 0471-2321378.

നല്ല ഡ്രൈവർ ഭയങ്കരൻ; അല്ലെങ്കിൽ ചതിയൻ

■ പൊലീസിന്റെ മൊബൈൽ ആപ്ലിക്കേഷൻ 'ട്രാഫിക് ഗുരു'

ആപ്പിന്റെ ഗുണങ്ങൾ

- ■ സുരക്ഷിത ഡ്രൈവിംഗും റോഡ് നിയമങ്ങളും ഹൃദിസ്ഥമാക്കാം
- ■ രസകരമായ വീഡിയോ ഗെയിമായി ഉപയോഗിക്കാം.
- ■ കുട്ടികൾക്കും ചെറുപ്പക്കാർക്കും സുരക്ഷിത ഡ്രൈവിംഗിൽ മെച്ചപ്പെടണമെന്ന് ആഗ്രഹിക്കുന്ന എല്ലാവർക്കും പ്രയോജനകരമാണ്.

തിരുവനന്തപുരം: നിയമങ്ങൾ പാലിച്ച് സുരക്ഷിതമായി വാഹനമോടിച്ചാൽ ഒരു ബാഡ്ജ് കിട്ടും - 'ഭയങ്കരൻ ഡ്രൈവർ'. 50 അപകടങ്ങളുണ്ടാക്കിയാൽ കിട്ടുക മറ്റൊരു ബാഡ്ജാണ് - 'ചതിയൻ ചന്തു'.

സുരക്ഷിത ഡ്രൈവിംഗും ട്രാഫിക് നിയമങ്ങളും വശത്താക്കാൻ പൊലീസ് ഇറക്കിയ മൊബൈൽ ആപ്ലിക്കേഷൻ 'ട്രാഫിക് ഗുരു' വാണ് ഈ ബാഡ്ജുകൾ നൽകുന്നത്. ത്രീഡി വീഡിയോ ഗെയിം കളിക്കുന്നവർക്ക് നിരവധി രസികൻ ബാഡ്ജുകളുമുണ്ട്. ട്രക്കുകൾ ഓടിക്കാൻ അറിയുന്നവർക്ക് 'പുലിമുരുകൻ'. അഞ്ഞൂറ് കിലോമീറ്റർ യാത്ര പൂർത്തിയാക്കിയാൽ 'നാടോടി'. എല്ലാ പാഠങ്ങളും സൂക്ഷ്മതയോടെ അഭ്യസിക്കുന്നവർക്കും എല്ലാത്തരം കാറുകളും ഓടിച്ച് തീർത്തവർക്കുമൊക്കെ ഇങ്ങനെ ബഹുമതി മുദ്രകളുണ്ട്.

ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ഐ ഒ എസ് പ്ലാറ്റ്ഫോമിൽ നിന്നും 'ട്രാഫിക് ഗുരു' ഡൗൺലോഡ് ചെയ്യാം.

പൊലീസ് ആസ്ഥാനത്ത് ഡി.ജി.പി ലോക്‌നാഥ് ബെഹ്റ ട്രാഫിക് ഗുരു പ്രകാശനം ചെയ്തു. റോഡപകടങ്ങൾ കുറയ്ക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണ് ഈ സംരംഭമെന്ന് ഡി.ജി.പി പറഞ്ഞു. റെയിൻ കൺസർട്ട് ടെക്നോളജീസിന്റെ സാങ്കേതിക സഹായത്തോടെ സിഡ്കോയാണ് ആപ്ലിക്കേഷൻ തയ്യാറാക്കിയത്.

കർഷകർ സെക്രട്ടേറിയറ്റ് പിക്കറ്റ് ചെയ്യും

തിരുവനന്തപുരം: കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കർഷക ദ്രോഹ നടപടികൾക്കെതിരെ ഏപ്രിൽ 4ന് കെ.പി.സി.സിയും കർഷക കോൺഗ്രസും സംയുക്തമായി സെക്രട്ടേറിയറ്റ് പിക്കറ്റിംഗ് നടത്തി അറസ്റ്റുവരിക്കുമെന്ന് കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസൻ പറഞ്ഞു.

കർഷക കോൺഗ്രസ് നേതൃയോഗം ഇന്ദിരാഭവനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കർഷക പെൻഷൻ കുടിശിക വിതരണം ചെയ്യണം, പെൻഷൻ തുക 5000 രൂപയായി വർദ്ധിപ്പിക്കണം. കുരുമുളക്, ഏലം, കാപ്പി, തേയില എന്നിവയുടെ വിലയിടിവ് തടയാൻ തറവില നിശ്ചയിച്ച് സംഭരിക്കണമെന്നും ഹസൻ ആവശ്യപ്പെട്ടു. കെ.പി.സി.സി ജനറൽ സെക്രട്ടറി തമ്പാനൂർ രവി, ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, കർഷക കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ലാൽ വർഗീസ് കല്പകവാടി, സുരേഷ് കോശി, രാജേന്ദ്രപ്രസാദ്, സണ്ണി കല്ലൂർ, ജോർജ് ജേക്കബ്, ഷാജഹാൻ തുടങ്ങിയവർ പങ്കെടുത്തു.

മിനിമം വേതനം പുതുക്കൽ

മുപ്പതോളം ആക്ഷേപങ്ങളുമായി സ്വകാര്യ ആശുപത്രി ജീവനക്കാർ

തിരുവനന്തപുരം: സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതു സംബന്ധിച്ച ഉപദേശക സമിതിയുടെ ആദ്യ പബ്ലിക് ഹിയറിംഗിൽ മുപ്പതോളം പേർ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിച്ചു. ചെയർമാൻ പി.കെ. ഗുരുദാസന്റെ അദ്ധ്യക്ഷതയിൽ ലേബർ കമ്മിഷണറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പബ്ലിക് ഹിയറിംഗിൽ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളും വിവിധ ആശുപത്രികളിൽ നിന്നുള്ള ജീവനക്കാരും പങ്കെടുത്തു. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരെ അർഹമായ ഗ്രൂപ്പിൽ പെടുത്തിയിട്ടില്ലെന്നതുൾപ്പെടെയുള്ള പരാതികളാണ് ഉന്നയിച്ചത്.

ഈ മാസം 16ന് എറണാകുളത്തും 17ന് തിരുവനന്തപുരത്തുമായി നടക്കുന്ന അടുത്ത രണ്ട് ഹിയറിംഗിൽ ആശുപത്രി മാനേജ്മെന്റ് പ്രതിനിധികൾ പങ്കെടുക്കും. അതിനുശേഷം തയ്യാറാക്കുന്ന റിപ്പോർട്ട് മിനിമം വേതന ഉപദേശക സമിതി സംസ്ഥാന സർക്കാരിന് സമർപ്പിക്കും. സമിതി അംഗങ്ങളായ മുൻ മന്ത്രി കെ.പി. രാജേന്ദ്രൻ, ആനത്തലവട്ടം ആനന്ദൻ, സി.എസ്. സുജാത, പി. നന്ദകുമാർ, കെ. സുരേന്ദ്രൻ, എം. ഷംസുദ്ദീൻ, യു. പോക്കർ, കെ. ഗംഗാധരൻ, എം.കെ. കണ്ണൻ, ചീങ്ങന്നൂർ മനോജ്, തോമസ് ജോസഫ്, ബാബു ഉമ്മൻ, എം.പി. പവിത്രൻ, ലേബർ കമ്മിഷണർ എ. അലക്സാണ്ടർ, സമിതി സെക്രട്ടറി ടി.വി. രാജേന്ദ്രൻ, ജില്ലാ ലേബർ ഓഫീസർ കെ. വിനോദ് കുമാർ എന്നിവർ പങ്കെടുത്തു.

മുത്തൂറ്റ് ഫിനാൻസ് വിവാഹസമ്മാനം വിതരണം ചെയ്തു

തിരുവനന്തപുരം: മുത്തൂറ്റ് ഫിനാൻസ് ഗ്രൂപ്പ് 10 നിർദ്ധന വിധവകളുടെ പെൺമക്കൾക്ക് വിവാഹസമ്മാനം വിതരണം ചെയ്തു. വി.ജെ.ടി ഹാളിൽ നടന്ന ചടങ്ങ് അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ബായി ഉദ്ഘാടനം ചെയ്തു. സമൂഹത്തിൽ അവശത അനുഭവിക്കുന്നവരുടെ കണ്ണീരൊപ്പാൻ മുത്തൂറ്റ് ഗ്രൂപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് അശ്വതി തിരുനാൾ പറഞ്ഞു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നിന്നായി തിരഞ്ഞെടുത്ത 10 ദമ്പതികൾക്ക് 2 ലക്ഷം രൂപ വീതമാണ് വിവാഹസമ്മാനമായി നൽകിയത്. മുത്തൂറ്റ് ഗ്രൂപ്പ് ജോയിന്റ് മാനേജിംഗ് ഡയറക്ടർ ജോർജ് ജേക്കബ് മുത്തൂറ്റ് അദ്ധ്യക്ഷത വഹിച്ചു. സമൂഹത്തിന്റെ താഴെതട്ടിലുള്ള ജനവിഭാഗത്തിന് മുത്തൂറ്റ് നൽകുന്ന പ്രത്യേക പരിഗണനയുടെ ഭാഗമായാണ് വിവാഹസമ്മാനപദ്ധതിക്കു തുടക്കം കുറിച്ചതെന്ന് അദ്ദേഹം പറഞ്ഞു. ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, സാഹിത്യകാരൻ ജോർജ് ഓണക്കൂർ, മുത്തൂറ്റ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റ് ഡി.ജി.എം ബാബു ജോൺ മലയിൽ, മുത്തൂറ്റ് ഫിനാൻസ് ട്രിവാൻഡ്രം സൗത്ത് റീജിയൺ റീജിയണൽ മാനേജർ എസ്. സതീഷ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

മുത്തൂറ്റ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം. വി.ജെ.ടി. ഹാളിൽനടന്ന മുത്തൂറ്റ് വിവാഹ സമ്മാന പദ്ധതിയിൽ ധന സഹായവിതരണത്തിനു ശേഷം അംഗങ്ങൾക്കൊപ്പം അശ്വതി തിരുനാൾ ഗൗരിലക്ഷ്മി ബായി

വിളംബരം

യൂത്ത് കോൺകോഡിന്റെ ഭാഗമായി ആർട്ട് ഡിടൂർ

തിരുവനന്തപുരം: സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന യൂത്ത് കോൺകോർഡിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർകോട് വരെ ആർട്ട് ഡിടൂർ സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി അഭിനയം, സംഗീതം, ബാന്റ്, ചിത്രകല തുടങ്ങിയ മേഖലകളിലെ കലാകാരൻമാർ അടങ്ങിയ കലാ സംഘം ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ പര്യടനം നടത്തും. ഏപ്രിൽ അവസാന വാരം ആരംഭിക്കുന്ന പര്യടനം മേയ് 15 ന് സമാപിക്കും. സംഘത്തിൽ അംഗങ്ങളാകാൻ താൽപര്യമുള്ള 15 നും 35 നും ഇടയ്ക്ക് പ്രായമുള്ളവർ പ്രാവീണ്യം, വയസ് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് എന്നിവ അടങ്ങിയ ബയോഡേറ്റ 23 നകം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, സ്വാമി വിവേകാനന്ദ യൂത്ത് സെന്റർ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം-43 എന്ന വിലാസത്തിലോ ksywb@kerala.gov.in എന്ന ഇ-മെയിൽ മുഖേനയോ അയയ്ക്കണം. ഫോൺ: 0471-2733139. തിരഞ്ഞെടുക്കപ്പെടുന്നവർ പരിശീലന ക്യാമ്പിലും 14 ദിവസം നീളുന്ന പര്യടനത്തിലും പങ്കെടുക്കണം.

ആയുർവേദ ബിരുദാനന്തര ബിരുദ പ്രവേശനം

കേരളത്തിലെ സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ ആയുർവേദ കോളേജുകളിലെ 2018-19 അദ്ധ്യയന വർഷത്തെ ആയുർവേദ ബിരുദാനന്തര ബിരുദ കോഴ്സുകളായ എം.ഡി ആയുർവേദ (വാചസ്പതി) & എം.എസ് ആയുർവേദ (ധന്വന്തരി) എന്നിവയിലെ പ്രവേശനം 2017-18 അദ്ധ്യയനവർഷത്തെപ്പോലെ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ആയുർവേദ (AIIA) നടത്തുന്ന ആൾ ഇന്ത്യ ആയുഷ് പോസ്റ്റ് ഗ്രാജ്വേറ്റ് എൻട്രൻസ് ടെസ്റ്റ് (AIA-PGET) ലെ പരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിലായിരിക്കും എന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

ലോകായുക്ത സിറ്റിംഗ്

ലോകായുക്ത 19, 20, 21 തീയതികളിൽ തൃശ്ശൂരിൽ കോൺഫറൻസ് ഹാൾ, തൃശ്ശൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, സഹകരണ ശതാബ്ദി മന്ദിരം, കോവിലകത്തുംപാടം, തിരുവമ്പാടി, തൃശ്ശൂർ എന്നിവിടങ്ങളിലും 22, 23 തീയതികളിൽ കോട്ടയം കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും സിറ്റിംഗ് നടത്തും. ഈ ദിവസങ്ങളിൽ പുതിയ പരാതികൾ സ്വീകരിക്കും.

എൻജിനിയർ ഒഴിവുകൾ

പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ എൻജിനിയറിംഗ് വിഭാഗത്തിൽ പ്രോജക്ട് എൻജിനിയർ, സൈറ്റ് എൻജിനിയർ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ബയോഡേറ്റ, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ കോപ്പി എന്നിവ സഹിതം 16 ന് വൈകിട്ട് അഞ്ചിന് മുൻപായി പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾ മെഡിക്കൽ കോളേജ് ഓഫീസിലോ 0491-2000644 എന്ന നമ്പറിലോ ബന്ധപ്പെടണം.

പ്രോജക്ട് എൻജിനിയർ - യോഗ്യത: ഉദ്യോഗാർത്ഥി സർക്കാർ സർവീസിൽ എക്സിക്യൂട്ടീവ് എൻജിനിയറായി റിട്ടയർ ചെയ്തവരായിരിക്കണം. സൈറ്റ് എൻജിനിയർ - യോഗ്യത: ബി.ടെക് സിവിൽ/ ഡിപ്ലോമ ഇൻ സിവിൽ എൻജിനിയറിംഗും മൂന്നു വർഷത്തെ സർക്കാർ സർവീസിലുള്ള പ്രവൃത്തിപരിചയവുമുള്ളവർക്ക് മുൻഗണന.

സർവകലാശാല വാർത്തകൾ

കേരള
www.kerala
university.ac.in

പരീക്ഷ

ഏപ്രിൽ 16-ന് ആരംഭിക്കുന്ന സി.ബി.സി.എസ്.എസ് & കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ആറാം സെമസ്റ്റർ ബി.എ/ ബി.എസ്‌സി/ ബി.കോം/ ബി.ബി.എ/ ബി.സി.എ/ ബി.വോക്/ ബി.പി.എ/ ബി.എസ്.ഡബ്ല്യു ഡിഗ്രി പരീക്ഷകൾ (റഗുലർ 2015 അഡ്മിഷൻ, സപ്ലിമെന്ററി - 2013, 2014 അഡ്മിഷൻ) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ 19, 50 രൂപ പിഴയോടെ 23, 125 രൂപ പിഴയോടെ 27 വരെയും ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പി.ജി പ്രവേശനം

സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലേക്ക് പി.ജി അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

എം.എഫ്.എ ഫലം

നാലാം സെമസ്റ്റർ എം.എഫ്.എ (മാസ്റ്റർ ഒഫ് ഫൈൻ ആർട്സ്) പരീക്ഷാഫലം വെബ്സൈറ്റിൽ.

എം.ഫിൽ ഫലം

എം. ഫിൽ ബയോ ഇൻഫർമാറ്റിക്സ്, കമ്പ്യൂട്ടർ എയ്ഡഡ് ഡ്രഗ് ഡിസൈൻ (സി.എ.ഡി.ഡി) (2016-2017) സി.എസ്.എസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

മൂല്യനിർണയം ആരംഭിക്കും

2017 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ (2015 സ്കീം)/ ഒന്നാം സെമസ്റ്റർ (മേഴ്സി ചാൻസ്) (2004 സ്കീം)/ ഒന്നാം സെമസ്റ്റർ ബി.എഡ് (സപ്ലിമെന്ററി) (2013 സ്കീം) ഡിഗ്രി പരീക്ഷകൾ/2017 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണയം സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ ട്രെയിനിംഗ് ടീച്ചേഴ്സ് ട്രെയിനിംഗ് എഡ്യൂക്കേഷൻ കേന്ദ്രങ്ങളിലെയും റഗുലർ ക്ലാസുകൾ റദ്ദ് ചെയ്തുകൊണ്ട് 19 മുതൽ 24 വരെ 1. തിരുവനന്തപുരം, സർവകലാശാല കെട്ടിട സമുച്ചയം. 2. കൊല്ലം, തേവള്ളി കേരള യൂണിവേഴ്സിറ്റി കോളേജ് ഒഫ് ടീച്ചർ എഡ്യൂക്കേഷൻ. 3. പന്തളം എൻ.എസ്.എസ് ട്രെയിനിംഗ് കോളേജ് എന്നീ മൂല്യനിർണയ കേന്ദ്രങ്ങളിൽ ആരംഭിക്കും.

ബി.ടെക് ടൈംടേബിൾ

ഒന്നാം സെമസ്റ്റർ ബി.ടെക് (2008 & 2013 സ്കീം) പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

ബി.എച്ച്.എം പരീക്ഷ

ബാച്ചിലർ ഒഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) ഒന്നാം സെമസ്റ്റർ പരീക്ഷകൾ (2014, 2011 & 2006 സ്കീം) 23-നും മൂന്നാം സെമസ്റ്റർ പരീക്ഷകൾ (2014, 2011 & 2006 സ്കീം) 27-നും ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

ഒന്നാം വർഷ പരീക്ഷയ്ക്ക് അപേക്ഷിക്കാം

2016 ഡിസംബറിൽ നടത്തിയ ഒന്നാം വർഷ കരിയർ റിലേറ്റഡ് സി.ബി.സി.എസ് പരീക്ഷകളുടെ ഫലം പിന്നീട് പ്രസിദ്ധീകരിക്കുമെന്ന് അറിയിച്ചിരുന്ന വിദ്യാർത്ഥികൾക്ക് (ആർ.എ.എൽ) മാർച്ച് 26-ന് ആരംഭിക്കുന്ന ഒന്നാം വർഷ പരീക്ഷയ്ക്ക് പിഴകൂടാതെ 17 വരെ അപേക്ഷിക്കാം.

ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്‌സി) പരീക്ഷ

തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം ശ്രീകാര്യം ലയോള കോളേജ് പനവൂർ മുസ്ലിം അസോസിയേഷൻ കോളേജ് പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ കേന്ദ്രം എന്നിവിടങ്ങളിൽ ഏപ്രിൽ 10-ന് തുടങ്ങി 23 വരെ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്‌സി) പരീക്ഷയ്ക്ക് പിഴകൂടാതെ 23, 50 രൂപ പിഴയോടെ 28, 250 രൂപ പിഴയോടെ ഏപ്രിൽ അഞ്ച് വരെ അപേക്ഷിക്കാം. പ്രോജക്ട് റിപ്പോർട്ട് പിഴകൂടാതെ 23, 100 രൂപ പിഴയോടെ 28 വരെ അതത് കേന്ദ്രങ്ങളിൽ സമർപ്പിക്കാം. അപേക്ഷാഫോറം: 20 രൂപ. ഫീസ്: 1,170 രൂപ. ഫോൺ: 0471-2302523.

പി.എസ്.സി
www.kerala
psc.gov.in

ഇന്റർവ്യൂ

കാറ്റഗറി നമ്പർ 661/2012 പ്രകാരം കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് ഗണിതശാസ്ത്രം (മലയാളം മീഡിയം) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരിൽ ഇന്റർവ്യൂ നടത്താൻ അവശേഷിക്കുന്ന സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 21, 22, 23 തീയതികളിൽ കൊല്ലം ജില്ലാ പി.എസ്.സി ഓഫീസിൽ ഇന്റർവ്യൂ നടത്തും.

കാറ്റഗറി നമ്പർ 286/2010 പ്രകാരം വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ വൊക്കേഷണൽ ടീച്ചർ (ഇ.സി.ജി. ആൻഡ് ഓഡിയോമെട്രിക് ടെക്നീഷ്യൻ) തസ്തികയ്ക്ക് 16 ന് തിരുവനന്തപുരം പി.എസ്.സി ആസ്ഥാന ഓഫീസിൽ ഇന്റർവ്യൂ നടത്തും. തപാൽ മാർഗ്ഗം വ്യക്തിഗത മെമ്മോ ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ പി.എസ്.സി ഗവൺമെന്റ് റിക്രൂട്ട്മെന്റ് വിഭാഗവുമായി (ഫോൺ: 04712546440) ബന്ധപ്പെടണം. കൂടുതൽ വിവരങ്ങൾ അനൗൺസ്മെന്റ് ലിങ്കിൽ.

വെരിഫിക്കേഷൻ ഇന്ന്

കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളിൽ എൽ.ഡി ക്ലാർക്ക് (നേരിട്ടുള്ള നിയമനം, കാറ്റഗറി നമ്പർ 414/2016) തസ്തികയുടെ സാദ്ധ്യതാ പട്ടികയിലുൾപ്പെട്ട സർട്ടിഫിക്കറ്റ് ലഭിച്ച ഉദ്യോഗാർത്ഥികൾ വൺ ടൈം വെരിഫിക്കേഷന് ഹാജരാകാൻ എസ്.എം.എസ്, പ്രൊഫൈൽ മെസേജ് എന്നിവ വഴി നിർദ്ദേശം നൽകിയിട്ടും ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്കായി ഇന്ന് വൺടൈം വെരിഫിക്കേഷന് ഒരു അവസരം കൂടി നൽകും. ഇത് സംബന്ധിച്ച് എസ്.എം.എസ്, പ്രൊഫൈൽ മെസേജ് എന്നിവ മുഖേന ഉദ്യോഗാർത്ഥികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. ഈ ഉദ്യോഗാർത്ഥികൾ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്ത അസൽ സർട്ടിഫിക്കറ്റുകൾ സഹിതം വെരിഫിക്കേഷന് രാവിലെ 9 ന് സിവിൽ സ്റ്റേഷനിലുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് ജില്ലാ ഓഫീസിൽ ഹാജരാകണം. അല്ലാത്തപക്ഷം ഇത് സംബന്ധിച്ച് ഇനിയൊരറിയിപ്പ് കൂടാതെ അപേക്ഷകൾ നിരുപാധികം നിരസിക്കും.